4. തലായിയിലും കൊയിലാണ്ടിയിലും പുതിയ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

5. കടൽ സുരക്ഷാസംവിധാനത്തിന്റെ ഭാഗമായി ജി.പി.എസ്., വയർലസ് എന്നിവ ബോട്ടുകൾക്ക് നൽകുന്നതിനുള്ള പദ്ധതി.

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവ നടപ്പിലാക്കുന്നതാണ്.

കടലേറ്റംമൂലം ഭവനരഹിതരായവർ

106 [3362] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലമുള്ള കടലേറ്റം കാരണം ഭവനരഹിതരായി ഇപ്പോഴും സ്കൂളുകളിലും ആശ്രയ കേന്ദ്രങ്ങളിലും കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുടുംബങ്ങളിൽ ആകെ എത്ര അംഗങ്ങളാണ് ഉള്ളത്; എവിടെയൊക്കെയാണ് ഇവരുടെ ക്യാമ്പുകൾ;

(സി) ഇവരെ പുനരധിവസിപ്പിക്കുവാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 95 കുടുംബങ്ങൾ സംസ്ഥാനത്തെ വിവിധ തീരദേശ ജില്ലകളിൽ സ്കൂളുകളിൽ കഴിയുന്നു.

(ബി) ഈ കുടുംബങ്ങളിൽ ആകെ അംഗങ്ങൾ 378 ആണ്. തിരുവനന്തപുരം ജില്ലയിലെ 41 അംഗങ്ങളെ വലിയതുറ ഗവൺമെന്റ് യു. പി. സ്കൂളിലും കൊല്ലം ജില്ലയിൽ 107 പേരെ ഇരവിപുരം സെന്റ് ജോർജ്ജ് സ്കൂളിലും എറണാകുളം ജില്ലയിൽ 140 അംഗങ്ങളെ പുത്തൻവേലിക്കര, പറവൂർ, ചേന്ദമംഗലം എന്നിവിടങ്ങളിലുള്ള ക്യാമ്പുകളിലും മലപ്പുറം ജില്ലയിൽ 90 അംഗങ്ങളെ പൊന്നാനി പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂളിലുമാണ് പാർപ്പിച്ചിട്ടുള്ളത്.

(സി) കൊല്ലത്ത് ഇരവിപുരം, നീണ്ടകര, ചവറ, ആലപ്പാട് എന്നിവിടങ്ങളിലെ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സന്നദ്ധസംഘടനകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുവാനും തിരുവനന്തപുരം വലിയതുറ യു. പി. സ്കൂളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഓരോ കുടുംബത്തിനും 2 സെന്റ് സ്ഥലവും ഭവന നിർമ്മാണത്തിന് 40,000 രൂപ വീതവും നൽകുവാനും ഉത്തരവായിട്ടുണ്ട്.

GPM. 2/609/2012—19

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭംമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് നിലവിൽ പദ്ധതികളൊന്നുമില്ല.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമ്പൂർണ്ണ പാർപ്പിട പരിപാടി

107 [3363] *ശ്രീ. പിരപ്പൻകോട് മുരളി:*
,, *ടി. പി. രാമകൃഷ്ണൻ:*
,, *സാജു പോൾ:*
,, *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാടി, സാമൂഹികാരോഗ്യ സംരക്ഷണം, സമ്പൂർണ്ണ പാർപ്പിട പരിപാടി തുടങ്ങിയവയുടെ നിർവഹണം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ പാർപ്പിട പരിപാടിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഇനിയും എത്രപേർക്ക് വീട് നിർമ്മിച്ചുനൽകേണ്ടതായിട്ടുണ്ട്;

(സി) തീരദേശങ്ങളിലെ ശുദ്ധജല വിതരണത്തിനുള്ള പ്രത്യേക പദ്ധതിയുടെ ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ?

ഉത്തരം

(എ) 2004-ൽ മത്സ്യബന്ധന വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

(ബി) 40,000-ത്തോളം മത്സ്യത്തൊഴിലാളികൾക്ക് ഇനിയും വാസയോഗ്യമായ വീടുകൾ ലഭിക്കേണ്ടതുണ്ടെന്ന് കണക്കാക്കുന്നു.

(സി) 2002-2003-ൽ ലഭിച്ച അധിക കേന്ദ്ര സഹായം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 15 ഗ്രാമങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടിവെള്ളവിതരണ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 10 പദ്ധതികൾ മാത്രമേ സ്ഥലത്തിന്റെ ലഭ്യത, വെള്ളത്തിന്റെ ഉറവിടം എന്നീ കാരണത്താൽ നടപ്പിലാക്കാൻ കഴിഞ്ഞുള്ളൂ.

അനുബന്ധ തൊഴിലാളി ക്ഷേമനിധി

108 [3364] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഅനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ മരണമടഞ്ഞശേഷം ആശ്രിതർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly